# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1214 — 11-02-2016 -ൽ മറുപടിക്ക്

### അമ്പലപ്പുഴ മണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജി.സുധാകരൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട എത്ര കുടുംബങ്ങളാണ് അമ്പലപ്പുഴ മണ്ഡലത്തിലുള്ളത്; ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | എ) | ആകെ 78 കുടുംബങ്ങളുടെ വീടുകൾ കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| പുറക്കാട് | 2013-14 | 7 |
| | 2014-15 | 11 |
| | 2015-16 | 37 |
| അമ്പലപ്പുഴ | 2015-16 | 5 |
| അമ്പലപ്പുഴ വടക്ക് | 2013-14 | 8 |
| | 2014-15 | 9 |
| | 2015-16 | 1 |
| **ആകെ** | | **78** |

| | | | |
|---|---|---|---|
| ബി) | ഇവർക്ക് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | ബി) | 2014-ലെ കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 20 കുടുംബങ്ങൾക്ക് തോട്ടപ്പള്ളി സ്പിൽവേയ്ക്ക് കിഴക്കുവശം സ്ഥലം ഏറ്റെടുത്ത് കൈവശ സർട്ടിഫിക്കറ്റ് 06.02.2016-ൽ നൽകിയിട്ടുണ്ട്. 2013-ൽ വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ വടക്ക് വില്ലേജിലെ 7 കുടുംബങ്ങൾക്കും അമ്പലപ്പുഴ വില്ലേജിലെ 1 കുടുംബത്തിനും പുന്നപ്ര വില്ലേജിൽ പ്ലോട്ട് തിരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പുറക്കാട് വില്ലേജിൽ എത്ര കുടുംബങ്ങൾക്കാണ് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുള്ളത്; ഇവർക്ക് വീട്ടു നിർമ്മിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്ത മാക്കുമോ? | സി) | പുറക്കാട് വില്ലേജിൽ 21 കുടുംബങ്ങൾക്കാണ് സ്ഥലം ഏറ്റെടുത്ത് പട്ടയം നൽകുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നത്. പ്രസ്തുത കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ മുഖാന്തിരം വീടിന് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| ഡി) | കടൽക്ഷോഭത്തിൽ സ്ഥലവും വീടും നഷ്ടപ്പെ ട്ടവർക്ക് പുന്നപ്ര വില്ലേജിൽ ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്ത മാക്കാമോ? | ഡി) | ഉണ്ട്. 2013-ൽ വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ വടക്ക് വില്ലേജിലെ 7 കുടുംബങ്ങൾക്കും അമ്പലപ്പുഴ വില്ലേജിലെ 1 കുടുംബത്തിനും പുന്നപ്ര വില്ലേജിൽ പ്ലോട്ട് തിരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ